## കേരള സർക്കാർ

### സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ്- 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്ന പ്രകാരം എസ്.എസ്.എ. പാഠ്യപദ്ധതി അനുസരിച്ച് വിദ്യാലയങ്ങളിൽ കലാ-കായികം പ്രവൃത്തി പരിചയ മേഖലകളിൽ (838X3) 2514 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായും KER മാനദണ്ഡങ്ങൾക്ക് വിധേയമായും കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് എസ്.എസ്.എ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ (എം.എസ്) നം. 170 /2016/പൊ.വി.വ തീയതി, തിരുവനന്തപുരം 05 /10/2016

---

പരാമർശം: 1) പൊതുവിദ്യാഭ്യാസ (കെ) വകുപ്പിന്റെ 27.02.16 തീയതിയിലെ 6309/കെ1/2016 പൊ.വി.വ. നമ്പർ കത്ത്.

2) ബഹു. വിദ്യാഭ്യാസ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19.08.2016 ന് കൂടിയ യോഗത്തിന്റെ നടപടികുറിപ്പ്.

3) എസ്.എസ്.എ., സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ 26.09.2016 ലെ പി2-1137/2016/ എസ്.എസ്.എ നമ്പർ കത്ത്.

### ഉത്തരവ്

സംസ്ഥാനത്ത് സർവ്വ ശിക്ഷാ അഭിയാന് കീഴിൽ 2009 ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ അനുശാസിക്കുന്നത് പ്രകാരം 100 - കൂടുതൽ കുട്ടികൾ പഠിക്കുന്ന യു.പി. സ്കൂളുകളിലും 150-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന എൽ.പി. സ്കൂളുകളിലും കലാ-കായിക പ്രവൃത്തി പരിചയ മേഖലകളിൽ ആവശ്യമായ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുവാൻ വ്യവസ്ഥയുണ്ട്. ഇതിനായി കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയം ടി അദ്ധ്യാപകരുടെ ശമ്പളയിനത്തിലുള്ള തുക എസ്.എസ്.എ.യ്ക്ക് വകയിരുത്തി നൽകിയിട്ടുണ്ട്. ടി അദ്ധ്യാപകരെ നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച് സർക്കാർ സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നുവെങ്കിലും നാളിതുവരെയായി ടി അദ്ധ്യാപകരുടെ നിയമനം നടത്തിയിട്ടില്ല. തുടർന്ന് ബഹു. വിദ്യാഭ്യാസ വകുപ്പ മന്ത്രിയുടെ അധ്യക്ഷതയിൽ 19.08.2016 ന് ഒരു യോഗം കൂടുകയും മേൽ വിഷയം സംബന്ധിച്ച് ചില സുപ്രധാന തീരുമാനങ്ങൾ എടുക്കുകയും, ടി അദ്ധ്യാപകരെ നിയമിക്കുവാൻ സർവ്വശിക്ഷാ അഭിയാൻ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറെ സൂചന (2) പ്രകാരം അധികാരപ്പെടുത്തുകയുണ്ടായി. അതിൻ പ്രകാരം സംസ്ഥാനത്ത് കലാ-കായിക-പ്രവൃത്തിപരിചയ മേഖലകളിലായി 2514 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിലേയ്ക്കായി ഇവരുടെ യോഗ്യത , നിയമന രീതി എന്നിവ സംബന്ധിച്ച റിപ്പോർട്ട് സൂചന (3) പ്രകാരം സർവ്വ ശിക്ഷാ അഭിയാൻ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരവും എസ്.എസ്.എ.യുടെ പാഠ്യ പദ്ധതിക്ക് അനുസൃതമായും 100 കുട്ടികളിൽ കൂടുതലുള്ള യു.പി.സ്കൂളുകളിലേക്കും150 കുട്ടികളിൽ കൂടുതലുള്ള എൽ.പി. സ്കൂളുകളിലേക്ക് കലാ(സംഗീതം, ചിത്രകല), കായികം, പ്രവൃത്തിപരിചയം എന്നീ മൂന്നു വിഷയങ്ങളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ (838 X 3 വീതം ആകെ 2514 സ്പെഷ്യലിസ്റ്റ് അദ്ധ്യപകരെ) കരാർ അടിസ്ഥാനത്തിൽ കൺസോളിഡേറ്റഡ് ശമ്പളം (29,000/month) നൽകികൊണ്ട് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും, കെ.ഇ.ആറിലെ യോഗ്യതാമാനദണ്ഡങ്ങൾ അനുസരിച്ചും സംസ്ഥാന സർക്കാർ സ്കൂളുകളിൽ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി

നിയമിക്കുവാൻ എസ്.എസ്.എ. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കലാ , കായികം , പ്രവൃത്തിപരിചയം എന്നീ വിഷയങ്ങളിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾക്കും കെ.ഇ.ആറിലെ വ്യവസ്ഥകൾ പ്രകാരവുമുള്ള നിശ്ചിത യോഗ്യത ഉണ്ടായിരിക്കേണ്ടതാണ്. എസ്.എസ്.എ പ്രോജക്ടിന്റെ ഭാഗമായി കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന ഇവരുടെ ഉയർന്ന പ്രായപരിധി 50 വയസ്സായി നിജപ്പെടുത്തേണ്ടതാണ്.
2. MHRD/KER മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ പട്ടിക ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സ്വീകരിച്ച് യോഗ്യതയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടതാണ്. മേൽപ്പറഞ്ഞ പട്ടിക ലഭ്യമാകുവാൻ കാലതാമസം നേരിടുന്ന പക്ഷം പത്രപരസ്യം വഴി അപേക്ഷ ക്ഷണിച്ച് അഭിമുഖം നടത്തി യോഗ്യതയുള്ളവരെ തിരഞ്ഞെടുത്ത് നിയമനം നടത്തേണ്ടതാണ്. ഇതിനായുള്ള ജില്ലാതല ഇന്റർവ്യൂ ബോർഡിൽ എസ്.എസ്.എ. പ്രോജക്ട് ഡയറക്ടറുടെ പ്രതിനിധി പൊതുവിദ്യാഭ്യാസ ഡയക്ടറുടെ പ്രതിനിധി ഈ മേഖലയിലെ ഒരു വിദഗ്ദനും ഉൾപ്പെടുന്ന ഒരു ജില്ലാതല ഇൻറർവ്യൂ ബോർഡ് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ രൂപീകരിക്കേണ്ടതാണ്. ഇപ്രകാരം നിയമനം നടത്തുമ്പോൾ പി.എസ്. സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകേണ്ടതാണ്.
3. 27.02.2012 ലെ 6309/ കെ1/ 2016/ പൊ.വി.വ എന്ന സർക്കാർ കത്തിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി കരാർ അടിസ്ഥാനത്തിലായിരിക്കണം ടി അദ്ധ്യാപകരെ നിയമിക്കേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ. പി. എം. മുഹമ്മദ് ഹനീഷ്
സെക്രട്ടറി.

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ എസ്.എസ്.എ. തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ . ആർ.എം.എസ്.എ
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആൻറ് ഇ). കേരളം. തിരുവനന്തപുരം.
ഡയറക്ടർ ഐ.റ്റി @ സ്കൂൾ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക് റിലേഷൻ വകുപ്പ് (വിപുലമായ പ്രചരണത്തിനായി)
വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/ സെക്ഷനുകൾക്കും
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ